പ്രകാരം ചെലവഴിക്കുവാൻ, സർക്കാർ സഹായം അർഹിക്കുന്ന കുട്ടികളുടെ വിശദവിവരം എത്രയും പെട്ടെന്ന് ലഭ്യമാക്കുവാൻ റീജിയണൽ ക്യാൻസർ സെന്റർ മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിലെ പദ്ധതി പ്രകാരം റീജിയണൽ ക്യാൻസർ സെന്ററിൽ ചികിൽസയിൽ കഴിയുന്ന 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് മാത്രമേ പ്രസ്തുത പദ്ധതി പ്രകാരം ചികിൽസ ലഭിക്കുകയുള്ളൂ.

കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നുള്ള സമാശ്വാസ സഹായം

120 (3629) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ട രോഗികൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും 3000 രൂപ സമാശ്വാസ സഹായമായി നൽകിവരുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം സഹായം ലഭിക്കുന്നതിനായി അതത് ജില്ലാ ലോട്ടറി ഓഫീസുകളിൽ അപേക്ഷ സ്വീകരിക്കുന്നത് നിർത്തലാക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത അപേക്ഷകൾ ജില്ലാ ലോട്ടറി ഓഫീസുകൾ വഴി തുടർന്നും സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

ലോട്ടറി വിതരണത്തിലെ അപാകത

121 (3630) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ലോട്ടറി ആഫീസുകളിൽ നിന്നും ഏജന്റുമാർക്ക് ലോട്ടറി വിതരണം ചെയ്യുന്നതിന്റെ മാനദണ്ഡമെന്താണ്; വിശദമാക്കാമോ;

(ബി) ആലപ്പുഴ ജില്ലാ ലോട്ടറി ഓഫീസിൽ ലോട്ടറി മറിച്ചു വിൽക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ കാലാകാലങ്ങളിൽ നൽകുന്ന സർക്കുലറുകളിലെ നിർദ്ദേശങ്ങൾക്ക് വിധേയമായാണ് ജില്ലാ ലോട്ടറി ഓഫീസുകളിൽ ടിക്കറ്റ് വിതരണം ചെയ്യുന്നത്. ഓരോ പ്രാവശ്യവും ടിക്കറ്റ് അച്ചടി വർദ്ധിപ്പിച്ച് കൂടുതൽ ടിക്കറ്റുകൾ ലഭ്യമാക്കുമ്പോൾ ഏറ്റവും കുറവ് ടിക്കറ്റുകൾ ലഭിച്ചുകൊണ്ടിരിക്കുന്നവർക്ക് കൂടുതൽ നൽകത്തക്കവിധം ടിക്കറ്റ് വിതരണം ക്രമീകരിക്കുന്നു. അതാത് ജില്ലകളിലെ ഏജന്റുമാർക്ക് ടിക്കറ്റ് നൽകിയ ശേഷം മാത്രമേ അന്യ ജില്ലാ ഏജന്റുമാർക്ക് ടിക്കറ്റ് നൽകാറുള്ളൂ. ചെറുകിട ഏജന്റുമാർക്ക് ടിക്കറ്റ് ലഭ്യത ഉറപ്പുവരുത്തുന്നതിനായി എല്ലാ ഏജന്റുമാർക്കും 30 രൂപ മുഖവിലയുള്ള 175 ടിക്കറ്റുകളും 40 , 50 രൂപ മുഖവിലയുള്ള 125 ടിക്കറ്റുകളും മിനിമം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ഇതിനായി 12000 ടിക്കറ്റിനുമുകളിൽ വാങ്ങുന്ന ഏജന്റുമാരുടെ ടിക്കറ്റിൽനിന്നും 15% വരെ ആനുപാതികമായി വെട്ടിക്കുറവ് വരുത്താവുന്നതാണെന്നും ജില്ലാ ഭാഗ്യക്കുറി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വൃദ്ധർ, വികലാംഗർ എന്നിവർക്ക് പ്രത്യേക പരിഗണന നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ആലപ്പുഴ ജില്ലാ ലോട്ടറി ഓഫീസിൽനിന്നും കോട്ടയത്തേയ്ക്കും എറണാകുളത്തേയ്ക്കും അനധികൃതമായി ടിക്കറ്റുകൾ കൊണ്ടുപോകുന്നതായും സർക്കാർ നിരോധിച്ച 3 അക്ക കുറിപ്പ് ലോട്ടറി നടത്തിയതിന് ക്രൈം നമ്പർ 968/11 കേസിൽ പ്രതി ചേർക്കപ്പെട്ട ഒരു ഏജന്റിന് നൽകിവന്നിരുന്ന ടിക്കറ്റുകൾ ടിയാന്റെ ഭാര്യയുടെ പേരിലുള്ള ഏജൻസിയിലേയ്ക്ക് മാറ്റി നൽകിയതായും കാട്ടി ആലപ്പുഴ ജില്ലാ ലോട്ടറി ഓഫീസിലെ ഏതാനും ഏജന്റുമാർ പരാതി സമർപ്പിച്ചിരുന്നു. ഇതിൻമേലുള്ള അന്വേഷണം നടത്തുകയും തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

കാരുണ്യ ഡയാലിസിസ് സെന്ററുകൾ

122 (3631) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് ഉപയോഗിച്ച് മെഡിക്കൽ കോളേജുകൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ കാരുണ്യ ഡയാലിസിസ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത സെന്ററുകൾ അനുവദിച്ച മെഡിക്കൽ കോളേജുകളുടെയും താലൂക്ക് ആശുപത്രികളുടെയും വിശദാംശം നല്കുമോ; ഇവ എന്നാണ് അനുവദിച്ചതെന്നും ഏതെല്ലാം പ്രവർത്തനമാണ് ആരംഭിച്ചതെന്നും വ്യക്തമാക്കുമോ ;

GPM. 2/235/2020-26